# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളികുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 6-1377/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 20/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളികുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 6-1377/2023 തീയ്യതി: 20/12/2023

## ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2023 | 17-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2023 | 17-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സിന്ധ്യ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത് സി.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ബിജി പ്രസാദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പ്രദീപ് എസ്. | സെക്രട്ടറി | 01-04-2022 | 13-10-2022 |
| ശ്രീ.ജി.സുനിൽകുമാർ | സെക്രട്ടറി | 14-10-2022 | 10-01-2023 |
| ശ്രീ.ബിജു.കെ.പി | സെക്രട്ടറി | 11-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.നിഖിൽ ആർ.പിള്ള | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.വേണുഗോപാൽ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീലേഖ വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ആനന്ദ്.എസ്സ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ഡോ.നീലി നായർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ.രാധാകൃഷ്ണൻ, | ഹെഡ് മാസ്റ്റർ, | 01-04-2022 | 31-03-2023 |
| ശ്രീമതി.സനുജ എച്ച്. | അസി.എഞ്ചിനീയർ, | 01-04-2022 | 31-03-2023 |
| ശ്രീമതി.മെർലിൻ മാത്യൂ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.സജി കുമാർ കെ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ഹരിപ്രിയ.റ്റി | വി.ഇ.ഒ.സർക്കിൾ 1 | 01-04-2022 | 31-03-2023 |
| ശ്രീ.അബു രവീന്ദ്രൻ | വി.ഇ.ഒ സർക്കിൾ 2 | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി ചേർത്തിരിക്കുന്ന തുകയിൽ വ്യത്യാസം | 1-1-2 |
| 4 | ബാലൻസ് ഷീറ്റ് ബി-4, ബി-17 ഷെഡ്യൂളുകൾ പ്രകാരമുള്ള തുകകളിൽ വ്യത്യാസം | 1-1-3 |
| 5 | യു.സി ലഭിച്ച തുക ഉൾപ്പെടുത്തി മുൻകൂർ നിക്ഷേപ കണക്ക് ക്രമീകരിച്ചില്ല | 1-1-4 |
| 6 | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസി -തൻവർഷത്തെ കണക്കിൽ 19,28,088/-രൂപയുടെ വ്യത്യാസം | 1-1-5 |
| 7 | മുൻ വർഷങ്ങളിലെ അഡ്വാൻസ് തുകകൾ വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം(വാർഷിക കണക്ക് പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ടാക്സ് ഓഡിറ്റ് അവലോകനം-തനത് വരുമാനം സാധ്യതകൾ | 1- 10 |
| 17 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ചുമത്തൽ പൂർണ്ണമല്ല | 1-11 |
| 18 | ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയയ്ക്ക് വസ്തുനികുതി ചുമത്തിയില്ല | 1-12 |
| 19 | സഹകരണ സ്ഥാപനത്തെ ഡിമാൻഡ് ചെയ്തില്ല- സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽനികുതി ഗ്രാമപഞ്ചായത്തിന് നഷ്ടമായി | 1-13 |
| 20 | തൊഴിൽ നികുതി വരവ് സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-14 |
| 21 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-പിഴപലിശ ഈടാക്കിയതിൽ കുറവ് | 1-15 |
| 22 | പൊതുവിതരണ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-16 |
| 23 | സ്വകാര്യമാർക്കറ്റ് ഗ്രാമപഞ്ചായത്ത് അനുമതിയില്ലാതെ പ്രവർത്തിക്കുന്നു | 1-17 |

| | | |
|---|---|---|
| 24 | വള്ളി-കുന്നം ചിറ -15050.903 ക്യൂബിക് മീറ്റർ ചെളിമണ്ണിന്റെ ലേലം -നടപടികൾ അനിവാര്യം | 1-18 |
| 25 | അങ്കണവാടി നിർമ്മാണം ആരംഭിച്ചില്ല | 1-19 |
| 26 | കെ.എൽ.ജി.എസ്.ഡി.പി സ്റ്റേറ്റ് ഷെയർ - 15.19 ലക്ഷം രൂപ പഞ്ചായത്തിന്റെ ബാധ്യതാ കണക്കിൽ | 1-20 |
| 27 | ഫുഡ് പ്രോസസിംഗ് യൂണിറ്റിന് ധനസഹായം - സംരംഭം തുടങ്ങാത്ത യൂണിറ്റ് തിരിച്ചടച്ച സബ്സിഡി തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു | 1-21 |
| 28 | കിണർ നിർമ്മാണം - പരമാവധി തുകയിൽ കവിഞ്ഞ് തുക അനുവദിച്ചിരിക്കുന്നു | 1-22 |
| 29 | തിരികെ ലഭിച്ച സി.എഫ്.സി. വിഹിതം 2,00,000/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ചില്ല | 1-23 |
| 30 | ലൈൻ എക്സ്റ്റെൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് വിനിയോഗവിവരങ്ങളില്ല | 1-24 |
| 31 | മറ്റ് പഞ്ചായത്തുകളിലേക്ക് അടക്കേണ്ട ബാധ്യത -തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-25 |
| 32 | സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ-രേഖകൾ അപൂർണ്ണം | 1-26 |
| 33 | അഗതി രഹിത കേരളം പദ്ധതി - അവലോകനം | 1-27 |
| 34 | ലൈഫ് ഭവന പദ്ധതി - അവലോകനം | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കിണർ നിർമ്മാണം - പരമാവധി തുകയിൽ കവിഞ്ഞ് തുക അനുവദിച്ചിരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22 .07.2023-ലെ 3(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വള്ളികുന്നം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.9 തീയതി 14.11.2023) 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ മാറ്റം വരുത്തുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ 2023-24 മുതൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

1-1-2 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി ചേർത്തിരിക്കുന്ന തുകയിൽ വ്യത്യാസം

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(b) പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 19,12,393/- രൂപയാണ്. എന്നാൽ 2022-23 വർഷം വിവിധ ഫണ്ടുകൾ വിനിയോഗിച്ച് നടപ്പാക്കിയ വർക്കുകളുടെ പാർട്ട് ബില്ലുകൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 20,22,935/- രൂപയാണ്. 1,10,542/- രൂപയുടെ വ്യത്യാസം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9 തീയതി 14.11.2023) ലഭ്യമാക്കിയ മറുപടിയിൽ, 2023-24-ൽ ഈ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു.

1-1-3 ബാലൻസ് ഷീറ്റ് ബി-4, ബി-17 ഷെഡ്യൂളുകൾ പ്രകാരമുള്ള തുകകളിൽ വ്യത്യാസം

ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരം ടോട്ടൽ സാനിറ്റേഷൻ അക്കൗണ്ടിൽ നീക്കിയിരിപ്പ് 9,20,091/- രൂപയാണ്. എന്നാൽ ബി-4 ഷെഡ്യൂളിൽ ടോട്ടൽ സാനിറ്റേഷൻ അക്കൗണ്ടിൽ ലയബിലിറ്റിയായി 3,88,427/-രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.9 തീയതി 14.11.2023) ലഭ്യമാക്കിയ മറുപടിയിൽ, ലയബിലിറ്റിയായി തുക ചേർക്കാതിരുന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല.

1-1-4 യു.സി ലഭിച്ച തുക ഉൾപ്പെടുത്തി മുൻകൂർ നിക്ഷേപ കണക്ക് ക്രമീകരിച്ചില്ല

ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ, അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ്-(കെ.എസ്.ഇ.ബി.) എന്ന അക്കൗണ്ട് ഹെഡ്ഡ് പ്രകാരം 87,24,809/- രൂപയാണ് ക്രമീകരിക്കുവാൻ അവശേഷിക്കുന്ന അഡ്വാൻസ്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം തൻവർഷം കെ.എസ്.ഇ.ബി.യിൽ നിന്ന് 3,56,950/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം (17.10.2022) ൽ ലഭിച്ചിട്ടുണ്ട്. ടി തുക കണക്കിൽ ക്രമീകരിച്ചിട്ടില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (നം.9 തീയതി 14.11.2023) 2023-24 വർഷം ടി തുക പെയ്മെന്റായി ക്രമീകരിച്ച് ബി- 18 ഷെഡ്യൂളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണെന്ന് അറിയിച്ചു.

1-1-5 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസി -തൻവർഷത്തെ കണക്കിൽ 19,28,088/-രൂപയുടെ വ്യത്യാസം

സെക്രട്ടറി തൻവർഷം നടപ്പാക്കിയ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ട് പ്രകാരം 36,18,328/- രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചു. എന്നാൽ വാർഷികകണക്കിൽ 16,90,240/- രൂപ ജില്ലാപഞ്ചായത്ത് വിഹിതം മാത്രമെ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസി എന്ന നിലയ്ക്ക് അക്കൗണ്ട് ചെയ്തിട്ടുള്ളൂ. 19,28,088/-രൂപ ചെലവായി അക്കൗണ്ട് ചെയ്തതിന് ആധാരമായ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.18 തീയതി 16.11.2023) മറുപടി ലഭിച്ചിട്ടില്ല. വിനിയോഗ വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 19,28,088/-രൂപ കൂടി ഉൾപ്പെടുത്തി അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസി എന്ന ഹെഡ്ഡ് ഓഫ് അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

1-1-6 മുൻ വർഷങ്ങളിലെ അഡ്വാൻസ് തുകകൾ വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല

2019-20 വർഷം സെക്രട്ടറി നടപ്പാക്കിയ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തികൾക്കായി 27,75,920/- രൂപ നിക്ഷേപിച്ചു. കൂടാതെ 2020-21 വർഷം 5,11,650/- രൂപയും സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.ക്ക് നൽകിയിട്ടുണ്ട്. 2020-21 വർഷം സെക്രട്ടറി നടപ്പാക്കിയ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ എന്ന പ്രവൃത്തിക്ക് KWA യിൽ 31,36,720/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ടി തുകകളൊന്നും തന്നെ മുൻ വർഷങ്ങളിലെ മുൻകൂർ നിക്ഷേപമായി ചേർത്തിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരവും ടി തുകകൾ ചേർത്തിട്ടില്ലാത്തതിനാലാണ് ഉൾപ്പെടുത്താതിരുന്നതെന്നും വ്യത്യാസം പരിഹരിക്കുന്നതാണെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി 17.11.23)മറുപടി നൽകി. മുൻവർഷങ്ങളിലെ നിക്ഷേപകണക്കുകളിലെ വ്യത്യാസം പരിഹരിക്കേണ്ടതാണ്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 21.03.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് 09.03.2023 തീയതിയിലെ 6(1) തീരുമാനപ്രകാരം പുതുക്കി. പുതുക്കിയ ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 33,34,44,070 | 33,00,97,874 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക) | 20,13,48,370 | 22,52,01,772 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,69,11,891 |
| വരവ് | 4,22,05,457 |
| ആകെ | 5,91,17,348 |
| ചെലവ് | 4,29,79,837 |
| നീക്കിയിരിപ്പ് | 1,61,37,511 |

1-4 ഫണ്ട് വിനിയോഗം(വാർഷിക കണക്ക് പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ്(സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) | ആകെ | ചെലവ്(സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | 3,10,92,000 | 3,10,92,000 | 2,70,95,967 | 39,96,033 |
| വികസനഫണ്ട് (എസ്.സി.പി) | | 1,06,43,000 | 1,06,43,000 | 97,16,162 | 9,26,838 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 1,28,38,000 | 1,28,38,000 | 1,16,34,768 | 12,03,232 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | 67,21,000 | 67,21,000 | 64,03,850 | 3,17,150 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | 9,56,523 | 65,90,827 | 75,47,350 | 47,19,306 | 28,28,044 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്(ട്രഷറി) | 0 | 2,52,873 | 2,52,873 | 2,52,873 | 0 |
| പെർഫോർമൻസ് ഗ്രാന്റ്(ബാങ്ക്) | 6,22,266 | 34,74,716 | 40,96,982 | 40,77,683 | 19,299 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 18,45,00,921 | 138 | 8,06,22,238 | 6 | 17 | 85.71% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3,505 | 10,80,438 | 10,83,943 | 10,80,514 | 3,429 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 5,29,24,679 | 5,29,24,679 | 5,29,24,679 | 0 |
| ആകെ | 3,505 | 5,40,05,117 | 5,40,08,622 | 5,40,05,193 | 3,429 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23,040 | 14 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 34,81,000 | 302 |
| വിധവാപെൻഷൻ | 1,45,04,600 | 1290 |
| വാർദ്ധക്യകാലപെൻഷൻ | 3,37,05,400 | 2961 |
| വികലാംഗപെൻഷൻ | 41,28,800 | 343 |
| അവിവാഹിതപെൻഷൻ | 6,12,600 | 51 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 1,20,000 | 4 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2023 തീയതിയിൽ 2.25 പി.എം. മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 80,227/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ താഴെചേർക്കുന്ന അപാകതകൾ കൂടി പരിഹരിക്കേണ്ടതാണ്.

1)ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയിൽ കൃത്യമായ കണക്കുകൾ ഉൾപ്പെടുത്തി കുറ്റമറ്റ രീതിയിൽ സൂക്ഷിച്ചിട്ടില്ല. ഉദാഹരണമായി മുൻകാല നിക്ഷേപ തുകകളുടെ കണക്കുകളിൽ വ്യത്യാസം വന്നിട്ടുണ്ട്.

2)ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും തൻവർഷത്തെ ആസ്തികൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. എൻ.ആർ.ഇ.ജി.എസ്. മെറ്റീരിയൽ പ്രവൃത്തികളൊന്നും ആസ്തി രജിസ്റ്ററിൽ യഥാസമയം ഉൾപ്പെടുത്തുന്നില്ല.

3)പദ്ധതികൾ ശരിയായി നിർവഹിക്കപ്പെട്ടിട്ടുണ്ടോയെന്ന് മോണിട്ടറിംഗ് സമിതികൾ പരിശോധിക്കുന്നില്ല. മോണിട്ടറിംഗ് റിപ്പോർട്ട് പദ്ധതി ഫയലുകളിലൊന്നും ഉൾപ്പെടുത്തുന്നില്ല.

4)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായ പോസ്റ്റിംഗ് നടത്തി സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1- 10 ടാക്സ് ഓഡിറ്റ് അവലോകനം-തനത് വരുമാനം സാധ്യതകൾ

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു. (കേരള പഞ്ചായത്ത് രാജ് നിയമം 203).

രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം, വ്യവസായം

എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം 204). സിനിമ ഉൾപ്പെടെയുള്ള വിനോദ പരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, സ്ഥാപനം നൽകുന്ന ജി.എസ്.റ്റി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്. നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ലൈസൻസ് ഫീസ്, വാടക, മാർക്കറ്റ് ഫീസ്, ബസ് സ്റ്റാന്റ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് തുടങ്ങിയവയാണ്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് ടാക്സ് ഇവേഷനും നികുതി ശോഷണത്തിനും ഇടയാക്കുന്നു. നികുതി, നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) <u>പുതിയ തനതു വരുമാന മേഖലകൾ:</u>

പുതിയ തനതുവരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്. നിലവിലുണ്ടായിരുന്ന കടമുറികൾ വളരെക്കുറഞ്ഞ നിരക്കിലാണ് നിലവിൽ വാടകക്ക് പോയിട്ടുള്ളത്.

പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ/പഞ്ചായത്തിന്റെ നികുതി സംബന്ധിക്കുന്ന വിവരഅടിത്തറയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ എന്നിവ സംബന്ധിക്കുന്ന ചർച്ചകൾ ധനകാര്യ സ്ഥിരം സമിതിയിൽ ഉണ്ടായിട്ടില്ല. അനധികൃത മൊബൈൽ ടവറുകൾ, സ്വകാര്യ ധനകാര്യ പണമിടപാട് സ്ഥാപനങ്ങൾ എന്നിവയെല്ലാം നികുതി ശൃംഖലക്ക് പുറത്താണ്.

2) <u>തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ:</u>

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതിയിൽ മാത്രമാണ് കുടിശ്ശിക അവശേഷിക്കുന്നത്(റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളവയുടെ കുടിശ്ശിക മാത്രം). തൊഴിൽ നികുതി സംബന്ധിക്കുന്ന ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്തത് കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട്.

നികുതി/നികുതിയേതര വരവിനങ്ങളുടെ അവലോകന യോഗങ്ങൾ കൂടി, പിരിവ് പുരോഗതി നികുതി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

3) <u>ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല/ അനധികൃത നിർമ്മിതികൾക്ക് വസ്തുനികുതി ചുമത്തുന്നില്ല</u>

ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ, ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നിലനിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അനധികൃത അധിക നിർമ്മിതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കാത്തത് മൂലം ക്രമവൽക്കരിക്കാവുന്ന കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതായ വസ്തുനികുതി നഷ്ടമാകുന്നു. വളരെക്കുറച്ച് കെട്ടിടങ്ങൾ മാത്രമാണ് അനധികൃതമായുള്ളത് എന്ന നിലയിലാണ്

പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസിലെ കണക്കുകൾ. വസ്തുനികുതി നിർണ്ണയത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ, അപാകം മൂലം മടക്കി അയക്കപ്പെട്ടാൽ പിന്നീട് ഗ്രാമപഞ്ചായത്തിലേക്ക് വരാത്ത സാഹചര്യമുണ്ട്. ഇങ്ങനെയുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി ചുമത്തുന്നതിന്(UA) ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

4) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല:

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നു. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാന കാരണം.

5) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്:

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവര അടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

6) വസ്തുനികുതി നിർണ്ണയം പൂർണ്ണമായി വാർഷിക ഓഡിറ്റിനൊപ്പം പരിശോധിക്കപ്പെടാതെ പോകുന്ന സാഹചര്യം നിലവിലുണ്ട്:

നിലവിലെ സാഹചര്യത്തിൽ പരിമിതമായ മനുഷ്യദിനങ്ങളിൽ വസ്തുനികുതി നിർണ്ണയം പൂർണ്ണമായും പരിശോധിക്കപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഓരോ രൂപയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഓരോ വർഷവും വസ്തുനികുതി നിർണ്ണയം നടത്തുന്ന മുഴുവൻ ഫയലുകളും ഓഡിറ്റിന് വിധേയമാക്കേണ്ടതും സംശയദൂരീകരണത്തിനായി സ്ഥലപരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തേണ്ടതും അനിവാര്യമാണ്. ഗ്രാമപഞ്ചായത്തുകളുടെ നികുതി അടിത്തറ ശക്തിപ്പെടുത്തിയാൽ മാത്രമെ സാമ്പത്തിക അടിത്തറ ഭദ്രമാകുകയുള്ളൂ. ആയതിനാൽ നൂറ് ശതമാനം നികുതി ഓഡിറ്റിനുള്ള സാഹചര്യമുണ്ടാകണം.

7) വസ്തുനികുതി പരിഷ്കരണം പൂർണ്ണമായും പ്രത്യേക ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല:

വാർഷിക വാടകമൂല്യം അടിസ്ഥാനപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിരുന്ന പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം വർഷങ്ങളെടുത്താണ് പൂർത്തീകരിച്ചത്. 2013 ൽ ആരംഭിച്ച പരിഷ്കരണപ്രക്രിയ പൂർത്തീകരിക്കപ്പെട്ടോയെന്ന് നിലവിലും ഒരു എക്സ്റ്റേണൽ ഏജൻസിയോ ഓഡിറ്റ് വകുപ്പോ പരിശോധിച്ചുറപ്പാക്കിയിട്ടില്ല. പൂർത്തീകരണത്തിന് പഞ്ചായത്ത് ജീവനക്കാർക്കൊപ്പം കരാറടിസ്ഥാനത്തിൽ ജോലി ചെയ്തവരും ഉൾപ്പെട്ടിരുന്നു. ഡേറ്റാ എൻട്രിയിലേയും നികുതി പരിഷ്കരണത്തിലെയും നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല എന്നിവ ഓരോ നികുതി നിർണ്ണയത്തിനും ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കും. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പ്രത്യേക പരിശോധനയിലൂടെ മാത്രമെ പരിശോധിച്ചുറപ്പാക്കാനാകൂ.

8) വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്)

നടത്തുന്നില്ല:

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം രണ്ട് നിലവരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് G1, G2, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും തന്നെ നടത്തപ്പെടുന്നതായോ അനധികൃത നിർമ്മാണങ്ങളെയും വസ്തുനികുതി നിർണ്ണയത്തിന് ശേഷം സ്വയമോ അല്ലാതെയോ സംഭവിക്കുന്നതും വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാവുന്നതുമായ അധിക സൌകര്യങ്ങളെ തിരിച്ചറിയാതെ പോകുന്നതിനിടയാക്കുന്നുണ്ട്.

9) സാങ്കേതിമായ പിഴവുകൾ കാരണം വസ്തുനികുതി നഷ്ടമാകുന്നു:

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം -6 പട്ടിക-6 പ്രകാരം കെട്ടിടങ്ങൾക്ക് 250 ചതുരശ്രമീറ്ററിലധികം മേൽത്തരം വസ്തുക്കളാൽ നിർമ്മിക്കപ്പെട്ട തറയാണുള്ളതെങ്കിൽ, അടിസ്ഥാനവസ്തുനികുതിയുടെ 15 ശതമാനം വർദ്ധനവ് ആകെ വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ വാണിജ്യാവശ്യകെട്ടിടങ്ങളെ വിഭജിച്ച് ചെറിയ കെട്ടിടങ്ങളായി നമ്പർ നൽകുമ്പോൾ, ഓരോ കെട്ടിടവും 250 ചതുരശ്രമീറ്റർ വിസ്തൃതിക്ക് താഴെ വരുന്നതിനാൽ മേൽത്തരം തറനിർമ്മിതിയെന്ന് രേഖപ്പെടുത്തിയാൽ കൂടി, കെട്ടിടത്തിന് ബാധകമാകേണ്ട 15 ശതമാനം വർദ്ധനവിൽ നിന്നും ഒഴിവാകുന്ന അവസ്ഥയാണുള്ളത്. വിഷയം IKM ന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

10) മൊബൈൽ ടവറുകളെ വസ്തുനികുതി ചുമത്തുന്നതിൽ ഗുരുതരമായ വീഴ്ച:

ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ അനുവാദം വാങ്ങി നിർമ്മാണം പൂർത്തീകരിച്ചവർ നികുതി നിർണ്ണയത്തിന് പഞ്ചായത്തിനെ സമീപിക്കാത്ത സാഹചര്യമുണ്ട്. കൂടാതെ ടവറുകളുടെ ബാറ്ററി, ഷെൽറ്റർ റൂമുകൾ, നമ്പറിംഗിന് ശേഷം ചേർക്കപ്പെടുന്ന ഭാഗങ്ങൾ എന്നിവയെ വസ്തുനികുതി ചുമത്തപ്പെടാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. (ഖണ്ഡിക നം. 1-11 കാണുക)

11) അനധികൃതമായ നികുതിയിളവ്

പഞ്ചായത്ത് രാജ് നിയമം, വിവിധ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ച കെട്ടിടങ്ങൾ മാത്രമല്ല വസ്തുനികുതി ഒഴിവുനേടുന്നത്. ആരാധനാലയങ്ങൾ എന്ന ഗണത്തിലും നികുതി ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന നിലയിലും ചില അയോഗ്യമായ കെട്ടിടങ്ങളെ ഉൾപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടായിട്ടുണ്ട് .

12) സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്നതാണ്:

2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തുനികുതിയിൻമേൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ വള്ളികുന്നം ഗ്രാമപഞ്ചായത്ത് നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

| ക്രമ നം. | സേവനം | വസ്തുനികുതിയിൻമേൽ ചുമത്താവുന്ന പരമാവധി സേവന ഉപനികുതി |
|---|---|---|
| 1 | ശുചിത്വ പരിപാലനം | 4% |
| 2 | ജല വിതരണം | 3% |
| 3 | തെരുവു വിളക്കുകൾ | 2% |
| 4 | ഡ്രൈനേജ് | 1% |

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡുക്കളായി വസ്തു നികുതിയോടൊപ്പം പിരിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന്, മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്.

13) നികുതി ഇതര വരുമാനം വർദ്ധിപ്പാക്കാനുള്ള നിർദ്ദേശങ്ങൾ

നികുതി ഇതരവരുമാനത്തിൽ മാർക്കറ്റ് ലേലം, ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളിൽ നിന്നുള്ള വാടക എന്നിവ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈ രണ്ട് ആസ്തികളിൽ നിന്നുള്ള വരുമാനം പൂർണ്ണമായും ഗ്രാമപഞ്ചായത്തിൽ ലഭിക്കും വിധമുള്ള വികസനപ്രവർത്തനങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെടുന്നുണ്ട്.

*ചൂനാട് മാർക്കറ്റ്* ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഒരു സ്വകാര്യമാർക്കറ്റാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ലൈസൻസോട്കൂടിയല്ല മാർക്കറ്റ് പ്രവർത്തിക്കുന്നത്. ഇത് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതായ നികുതി ഇതര വരുമാനത്തിൽ കുറവുണ്ടാക്കുന്നുണ്ട്.ഗ്രാമപഞ്ചായത്ത് സമിതിയുടെ സവിശേഷമായ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

ഓഡിറ്റിന്റെ ശുപാർശകൾ:

1)തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKM നോട്

ആവശ്യപ്പെടേണ്ടതാണ്.

6)വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ്തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തണം.

8) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരണം.

9) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തണം.

10) അനധികൃത നികുതിയിളവുകൾ പുനഃപരിശോധിക്കണം.

11) മൊബൈൽ ടവറുകളെ വസ്തുനികുതി ചുമത്താത്തത് മൂലമുള്ള നഷ്ടം അടിയന്തിരമായി പരിഹരിക്കണം.

1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി ചുമത്തൽ പൂർണ്ണമല്ല

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ ഗ്രാമപഞ്ചായത്ത് പൂർണ്ണമായും വസ്തുനികുതി ചുമത്തിയിട്ടില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19.10.2014-ലെ സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സഞ്ചയ ഡേറ്റാബേസ് പ്രകാരം 8 മൊബൈൽ ടവറുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളത്. ഈ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ മുഴുവനും 2013 ന് മുൻപ് വസ്തുനികുതി നിർണ്ണയം നടത്തിയവയാണ്. പെർമ്മിറ്റ് രജിസ്റ്റർ പ്രകാരം 2016-17 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ 6 ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്ക് ഗ്രാമപഞ്ചായത്ത് പെർമ്മിറ്റ് നൽകിയിട്ടുണ്ട്. എന്നാലിവയൊന്നും തന്നെ വസ്തുനികുതി ചുമത്തലിന് വിധേയമായിട്ടില്ല. (വാർഷിക വാടകമൂല്യം അടിസ്ഥാനമാക്കി വസ്തുനികുതി നിർണ്ണയിച്ച ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ പരിഷ്കരണമെന്ന നിലക്കല്ലാതെ PLINTH Area അടിസ്ഥാനമാക്കി വസ്തുനികുതി നിർണ്ണയിച്ച യാതൊരു മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറും സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുന്നില്ല). പെർമ്മിറ്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന മൊബൈൽ ടവറുകൾക്ക് നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്.

| ക്രമ നം. | പെർമ്മിറ്റ് നൽകിയ തീയതി | പെർമ്മിറ്റ് നം. | നിർമ്മാണ അനുമതി നൽകിയ സർവ്വെ നമ്പർ/ വിസ്തൃതി | നിർമ്മാണ അനുമതി ലഭിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | 27.02.2017 | A4/636/17 | 414/2/4 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് |
| 2 | 17.10.2017 | A4/4995/17 | 577/1 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് |

| | | | | |
|---|---|---|---|---|
| 3 | 10.04.2019 | A3/1475/18 | 330/1 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് |
| 4 | 17.09.2019 | A8/5010/19 | 194/26<br>21.62 $M^2$ | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് |
| 5 | 29.06.2022 | A8/4080/21 | 590/9<br>21.62 M | സമ്മിത്ത് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് |
| 6 | 01.06.2022 | A8/1119/22 | - | ഇൻഡസ് ടവർസ് പ്രൈവറ്റ് ലിമിറ്റഡ് |

ഇവ കൂടാതെ 2023-24 വർഷം ഓഡിറ്റ് നടക്കുന്ന സമയം വരെ 5 ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നതായി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ഇവയുടെയും നിർമ്മാണ പുരോഗതി വിലയിരുത്തി സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തി വസ്തുനികുതി ചുമത്തേണ്ടതുണ്ട്. നിരവധി മൊബൈൽ ടവർ ഉടമകൾ നികുതി ശൃംഖലക്ക് പുറത്താണ് എന്നത് വലിയ വരുമാന ചോർച്ചക്കിടയാക്കുന്നു. ഫീൽഡ് തല പരിശോധന നടത്തി ടവറുകളുടെ നിർമ്മാണത്തിന്റെ സ്ഥിതി വിലയിരുത്തി ഈ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ അനുശാസിക്കും പ്രകാരമുള്ള സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മിതികൾ ഗ്രാമപഞ്ചായത്തിൽ ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം മൊബൈൽ ടവറിന്റെ മുഴുവൻ ഭാഗങ്ങളും വസ്തുനികുതി ചുമത്തപ്പെടുന്നുണ്ടോയെന്നും പരിശോധിച്ചുറപ്പിക്കേണ്ടതാണ്.

1-12 ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയയ്ക്ക് വസ്തുനികുതി ചുമത്തിയില്ല

ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചുമത്തിയതിൽ അപാകമുണ്ട്. സെയിൽറൂമിനെ മാത്രം വസ്തുനികുതി ചുമത്തുകയും യഥാർത്ഥ ബിസിനസ് നടക്കുന്ന ഭാഗമായ ബങ്കുകളെയും കാനോപ്പിയെയും വസ്തുനികുതി ചുമത്തലിൽ നിന്ന് ഒഴിവാക്കിയതും ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡിൽ വലിയ കുറവുണ്ടാക്കി.

ലൈസൻസ് രജിസ്റ്റർ പ്രകാരം 2 ഫ്യൂവൽ സ്റ്റേഷനുകളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. SRO നമ്പർ 36/2011 സർക്കാർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 30/- രൂപയായി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം, ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ കുറവ് വസ്തുനികുതി ചുമത്തപ്പെട്ട സ്ഥാപനങ്ങളുടെ കാനോപ്പി ഏരിയ ഉൾപ്പെടുന്ന ഭാഗത്തിന്റെ വിസ്തൃതി അളന്ന് റിപ്പോർട്ട് ചെയ്യുന്നതിന്

ഗ്രാമപഞ്ചായത്തിനോട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം-17/22-23 തീയതി 16.11.23) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗം (LID &EW SECTION) അന്വേഷണം നടത്തി ഫ്യൂവൽ സ്റ്റേഷനുകൾ ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെയും കെട്ടിടഭാഗങ്ങളുടെയും വിസ്തൃതി രേഖാമൂലം ലഭ്യമാക്കി. ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തിയ ഏരിയായുമായി വലിയ അന്തരം കാണപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക- 1: വള്ളികുന്നം ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളും ചുമത്തപ്പെട്ട വസ്തുനികുതിയും

| ക്രമ നം. | ഫ്യൂവൽ സ്റ്റേഷന്റെ പേര് | കെട്ടിട നമ്പരുകൾ | വസ്തുനികുതി ചുമത്തുന്ന വിസ്തൃതി | മരാമത്ത് വിഭാഗം അളന്ന് ലഭ്യമാക്കിയ കാനോപ്പി ഏരിയ |
|---|---|---|---|---|
| 1 | നയാറ ഫ്യൂവൽസ് (കെ.പി. ചന്ദ്രശേഖരപിള്ള, രാധാലയം) | 1/433 | 30 $M^2$ | 210 $M^2$ |
| 2 | ലീല ഫ്യൂവൽസ് ജയപ്രകാശ്, പൌർണ്ണമി | 18/434 | 40 $M^2$ | 187 $M^2$ |

ആകെ 397 $M^2$ ഭാഗം രണ്ട് ഫ്യൂവൽ സ്റ്റേഷനുകളുടേതുമായി വസ്തു നികുതി ചുമത്തപ്പെടാതെയുണ്ട്. ഇത് വലിയ വസ്തുനികുതി നഷ്ടം ഗ്രാമപഞ്ചായത്തിനുണ്ടാക്കുന്നുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി കെട്ടിട നമ്പർ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-13 സഹകരണ സ്ഥാപനത്തെ ഡിമാൻഡ് ചെയ്തില്ല- സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽനികുതി ഗ്രാമപഞ്ചായത്തിന് നഷ്ടമായി

മാവേലിക്കര പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക് നം-A 836 ന്റെ ബ്രാഞ്ച് വള്ളികുന്നം ഗ്രാമപഞ്ചായത്തിലെ ചൂനാട് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനം ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ചുമത്തൽ ഡിമാൻഡിൽ ഉൾപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-14/15.11.23)മറുപടിയിൽ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി മാവേലിക്കര ഹെഡ് ഓഫീസ് മുഖാന്തിരമാണ് അടക്കുന്നതെന്ന് സെക്രട്ടറി രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിക്കുന്ന രേഖകൾ സഹകരണ സ്ഥാപനം ഗ്രാമപഞ്ചായത്തിന് കൈമാറിയില്ല. ഈ മറുപടി സ്വീകാര്യമല്ല. 2022-23 സമ്പത്തികവർഷം വരെയുള്ള തൊഴിൽ നികുതി മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കിയിട്ടുള്ള പക്ഷം ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും, അടുത്ത സാമ്പത്തിക വർഷം മുതൽ ടി സ്ഥാപനത്തിൽ നിന്നും സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽനികുതി മാവേലിക്കര ഹെഡ് ഓഫീസ് ബ്രാഞ്ച് മുഖാന്തിരം ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സ്വീകരിക്കുന്ന നടപടികളുടെ പുരോഗതി

ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി വരവ് സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്ന തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിൽ കൃത്യമായ പോസ്റ്റിംഗ് ഇല്ല. രസീത് വരവ് എടുക്കുമ്പോൾ സ്ഥാപനത്തിന്റെ പേര് ഉൾപ്പെടുത്താതെ സെക്രട്ടറി, ബ്രാഞ്ച് മാനേജർ തുടങ്ങിയവരുടെ പേരിൽ രസീത് ചെയ്യുന്നതിനാൽ നികുതി അടച്ച സ്ഥാപനങ്ങളെയും നികുതി ഒടുക്കാത്ത സ്ഥാപനങ്ങളെയും തിരിച്ചറിയാനാവാത്ത സ്ഥിതിയുണ്ട്. രജിസ്റ്ററിൽ കൃത്യമായ പോസ്റ്റിംഗ് ഇല്ലാത്ത സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിരുന്നോ എന്ന വിവരം രസീത് നമ്പർ, തീയതി സഹിതം റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-15/16.11.23)മറുപടി ലഭ്യമാക്കിയെങ്കിലും മറുപടി പൂർണ്ണമായിരുന്നില്ലായെന്ന് മാത്രമല്ല പല രസീത് നമ്പരുകളും മുൻവർഷ നികുതി ഒടുക്ക് സംബന്ധിച്ചവയുമായിരുന്നു. പരിശോധിച്ചുറപ്പാക്കിയ സ്ഥാപനങ്ങളെ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ പട്ടികയിൽ നിന്നും ഒഴിവാക്കി ശേഷിച്ചവയെ മാത്രമാണ് ചുവടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

I)താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങൾക്ക് ബാധകമായ തൊഴിൽ നികുതി ഈടാക്കിയില്ല. തുക ഈടാക്കാത്ത അർദ്ധവർഷം പേരിനൊപ്പം ചുവടെ ചേർക്കുന്നു.

1) CSB ബാങ്ക്, ചൂനാട്-I

2) BSNL വള്ളികുന്നം-I & II

3) KSEB Ltd. ചൂനാട്-I & II

4)കാരാഴ്മ KUCS APCOS A113- I

5) മാവേലി സ്റ്റോർ, കാമ്പിശ്ശേരി- I & II

6) മുത്തൂറ്റ് ഫിൻകോർപ്പ്, വള്ളികുന്നം- I & II

7) മുത്തൂറ്റ് ഫിൻകോർപ്പ്, കാഞ്ഞിരത്തുംമൂട് -II

8) മുത്തൂറ്റ് മിനി ഫിനാൻസ്, ചൂനാട് - II

9) മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് -I & II

II)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപനത്തിന്റെ പേരിനൊപ്പം ചേർത്തിട്ടുള്ള അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) കാർത്ത്യായനി പുരം ക്ഷേത്രം -I

2) മുത്തൂറ്റ് മിനി ഫിനാൻസ്, ചൂനാട്- II

തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള പക്ഷം രസീതിന്റെയോ / ചിട്ടയുടെയോ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

## 1-15 ഷോപ്പിംഗ് കോംപ്ലക്സ് വാടക-പിഴപലിശ ഈടാക്കിയതിൽ കുറവ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ഇ) പ്രകാരം കേരള പഞ്ചായത്ത് രാജ് നിയമത്തിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെയും ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക ഗ്രാമപഞ്ചായത്തിന് അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം ഒരുശതമാനം നിരക്കിലുള്ള പിഴ സഹിതമാണ് വസൂലാക്കേണ്ടത്. വാടക കരാർ പ്രകാരം ഓരോ ഷോപ്പിംഗ് കോംപ്ലക്സ് കടമുറിയുടെയും വാടക മുൻകൂറായി അതാത് മാസം അഞ്ചാം തീയതിക്ക് മുൻപായിട്ടാണ് ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് തങ്ങളുടെ ഷോപ്പിംഗ് കോംപ്ലക്സിലെ വാടകകുടിശ്ശികക്കാരിൽ നിന്നും പിഴ പലിശ ഈടാക്കിയപ്പോൾ പ്രതിമാസം ഒരു ശതമാനം നിരക്കിൽ (കുടിശ്ശിക വരുത്തിയ

മുഴുവൻ മാസങ്ങൾക്കും ബാധകമായി) ഈടാക്കിയതായി കാണുന്നില്ല. ഈടാക്കിയ പിഴപലിശ്ശയും ഈടാക്കേണ്ട പിഴപലിശ്ശയും ചുവടെ ചേർക്കുന്നു

1) കാമ്പിശ്ശേരി ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | കൈവശക്കാരന്റെ പേര് | ഒന്നിച്ച് അടച്ച കുടിശ്ശിക തുക കാലയളവ് | പ്രതിമാസ വാടക | തുക ഒടുക്കിയ തീയതി, രസീത് നം. | ഒടുക്കേണ്ട പിഴപലിശ | ഒടുക്കിയ പിഴ പലിശ | കുറവ് |
|---|---|---|---|---|---|---|---|
| 1 | ഹമീദ് കുഞ്ഞ് കുഞ്ഞ് ഷക്കീല മൻസിൽ | 2022 എപ്രിൽ മുതൽ 2023 മാർച്ച് വരെ-6492 | 541 | 1230100640 20/05/23 | 569 | 141 | 428 |
| 2 | അബ്ദുൾ റഷീദ്, കുളത്തിന്റെ കിഴക്കതിൽ | 2022 എപ്രിൽ മുതൽ 2023 മാർച്ച് വരെ 8352 | 696 | 123010040502/05/23 | 634 | 195 | 439 |
| 3 | ഗോപാലൻ തട്ടാരയ്യത്ത് കിഴക്കതിൽ | 2022 എപ്രിൽ മുതൽ 2023 മാർച്ച് വരെ 9876 | 823 | 1230100652 22/05/23 | 865 | 214 | 651 |
| 4 | ഷാജഹാൻ, വയാലി കോട്ടക്കൽ | 2022 എപ്രിൽ മുതൽ 2023 മാർച്ച് വരെ 9324 | 777 | 1230100485 08/05/23 | 816 | 218 | 598 |
| 5 | പ്രകാശ് കോഴി വിള പടീറ്റതിൽ | 2022 എപ്രിൽ മുതൽ 2023 മാർച്ച് വരെ | 465 | 123010025424/04/23 | 424 | 121 | 303 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 5580 | | | | | | |

2)കടക്കൽ ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | കൈവശക്കാരന്റെ പേര് | ഒന്നിച്ച് അടച്ച കുടിശ്ശിക തുക | പ്രതിമാസ വാടക | തുക ഒടുക്കിയ തീയതി, രസീത് നം. | ഒടുക്കേണ്ട പിഴപലിശ | ഒടുക്കിയ പിഴ പലിശ | കുറവ് |
|---|---|---|---|---|---|---|---|
| 6 | അബ്ദുൾ സലീം ഷക്കീല മൻസിൽ | 2022 എപ്രിൽ മുതൽ 2023 മാർച്ച് വരെ- 4,344 രൂപ | 362 | 1230100365 28/4/23 | 330 | 95 | 235 |
| ആകെ കുറവ് വന്ന തുക | | | | | | | 2654 |

കൃത്യമായ നിരക്കിൽ പിഴപ്പലിശ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16/16.11.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന പിഴ പലിശ 2,654 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-16 പൊതുവിതരണ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories, Trades, Entrepreneurship Activities And Other Services) ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 – ക്രമ നം.149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ, മാവേലി സ്റ്റോറുകൾ എന്നിവക്ക് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്താനാനുമതി ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 2 മാവേലി സ്റ്റോറുകളും (സപ്ലൈകോ) റേഷൻ കടകളും ഗ്രാമപഞ്ചായത്തിന്റെ അനുമതിയോട് കൂടിയല്ല പ്രവർത്തിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-12/15.11.2023) മറുപടി ലഭ്യമാക്കിയില്ല. എല്ലാ റേഷൻ കടകളും മാവേലി സ്റ്റോറുകളും ഗ്രാമപഞ്ചായത്ത് അനുമതിയോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ ഉണ്ടാകുന്ന തനത് വരുമാന നഷ്ടം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 സ്വകാര്യമാർക്കറ്റ് ഗ്രാമപഞ്ചായത്ത് അനുമതിയില്ലാതെ പ്രവർത്തിക്കുന്നു

ചൂനാട് ജംഗ്ഷനിൽ പ്രവർത്തിച്ചുവരുന്ന സ്വകാര്യചന്ത ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോട് കൂടിയല്ല പ്രവർത്തിക്കുന്നത്. (വാർഷിക കണക്കുകൾ പ്രകാരം ഇത് സംബന്ധിക്കുന്ന വരവ് ഉൾപ്പെടുന്നില്ല). 1996-ലെ KPR (പൊതു മാർക്കറ്റുകളുടെയും സ്വകാര്യമാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും)ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം നിലവിലുള്ള ഒരു സ്വകാര്യമാർക്കറ്റ് തുടർന്നു നടത്തുന്നതിലേക്കോ പുതിയ ഒരു സ്വകാര്യമാർക്കറ്റ് തുടങ്ങുന്നതിലേക്കോ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് ഇത് സംബന്ധിക്കുന്ന നടപടികളൊന്നും തന്നെ നടത്തിയതായി രേഖയില്ല. വിശദീകരണം ലഭ്യമാക്കുന്നതിലേക്കായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-13/15.11.2023)മറുപടി ലഭ്യമാക്കിയില്ല. സ്വകാര്യ മാർക്കറ്റിന്റെ പ്രവർത്തനം നിയമവിധേയമാക്കുന്നതിനും അതുവഴി ലഭിക്കുന്ന തനതുവരുമാനം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-18 വള്ളി-കുന്നം ചിറ -15050.903 ക്യൂബിക് മീറ്റർ ചെളിമണ്ണിന്റെ ലേലം -നടപടികൾ അനിവാര്യം

വള്ളികുന്നം ചിറയിൽ നബാർഡ് മുഖേന അഗ്രിക്കൾച്ചർ എഞ്ചിനിയറിംഗ് വകുപ്പ് നടപ്പാക്കിയ പ്രവൃത്തിയുടെ ഭാഗമായി സംഭരിച്ചിട്ടുള്ള 15050.903 ക്യൂബിക് മീറ്റർ ചെളിമണ്ണിന് 07.12.2022-ലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ വാല്യുവേഷൻ റിപ്പോർട്ട് അനുസരിച്ച് 1,65,55,993/- രൂപ മൂല്യം തിട്ടപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്ത് കമ്മറ്റിയുടെ 9.12.2022-ലെ 3(1) തീരുമാനമനുസരിച്ച് ചെളിമണ്ണ് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതിനുള്ള അനുമതി ജില്ലാ കളക്ടറുടെ ഓഫിസിൽ നിന്നും ലഭ്യമാക്കി റോയൽറ്റി തുക നിശ്ചയിച്ച് നൽകിയതിന്റെ രേഖകളും ഫയലിനൊപ്പം ഉള്ളടക്കംചെയ്തിട്ടുണ്ട്. 3.03.2023 തീയതിയിൽ നടത്തിയ പരസ്യ ലേലത്തിൽ ലേലം കൊണ്ട തുക വളരെ കുറവാണെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു.ലേല വ്യവസ്ഥകളിൽ മറ്റ് ചാർജ്ജുകൾക്കൊപ്പം സീനിയറേജും ഉൾപ്പെടുത്തി അടിയന്തിരമായി ലേല നോട്ടീസ് പ്രസിദ്ധീകരിച്ച് നടപടികൾ സ്വീകരിക്കണമെന്ന കമ്മറ്റി അംഗങ്ങളുടെ അഭിപ്രായം, ചെളിമണ്ണ് വില്പന നടത്തുമ്പോൾ റവന്യൂ വകുപ്പ് നിശ്ചയിച്ച് നൽകുന്ന സീനിയറേജ് ചാർജ്ജ് കൂടി അടവാക്കേണ്ടതുണ്ടെന്നും റോയൽറ്റിയും സീനിയറേജ് ചാർജ്ജും അടവാക്കിയ ചലാൻ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും പാസ്സ് അനുവദിക്കുയുള്ളെന്ന് ജിയോളജിസ്റ്റ് അറിയിച്ചിട്ടുണ്ടെന്നും ആകയാൽ സീനിയറേജ് ചാർജ്ജ് നിശ്ചയിച്ച് നൽകുന്നതിന് ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി ആയത് ലഭ്യമായതിന് ശേഷം സീനിയറേജ് തുക കൂടി ലേല വ്യവസ്ഥയിൽ ഉൾപ്പെടുത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണെന്നുമുള്ള സെക്രട്ടറിയുടെ അഭിപ്രായം കണക്കിലെടുത്ത് പുനർലേലം നടത്താൻ തീരുമാനിച്ചു. പുനർലേലത്തിൽ എം3 ന് 1,310/-രൂപ റേറ്റ് ക്വാട്ട് ചെയ്ത ശ്രീ.രാജേന്ദ്രപ്പണിക്കർ, പുലിത്തിട്ട എന്ന വ്യക്തിക്ക് ലേലം ഉറപ്പിച്ച നൽകിയെങ്കിലും നാളിതുവരെ തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(24/23 തീയതി 17.11.2023) നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. 1,97,16,682/- രൂപ ലേലമിനത്തിൽ വരവ് ലഭിക്കേണ്ടതുണ്ട്. ലേലം അംഗീകരിച്ച് നൽകിയ വ്യക്തി പിൻമാറിയിട്ടുണ്ടെങ്കിൽ ഇ.എം.ഡി കണ്ടുകെട്ടി പുനർലേലം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നടപടികൾ വൈകുന്നത് പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാക്കുന്നുവെന്നതിനാൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-19 അങ്കണവാടി നിർമ്മാണം ആരംഭിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം-S0041/23 (പ്രോജക്ടിന്റെ പേര്-132,148 എന്നീ അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിന് വിഹിതം നൽകൽ) പ്രകാരം അങ്കണവാടി നിർമ്മാണത്തിനുള്ള വിഹിതമായി MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 10,00,000 രൂപ കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് MGNREGS വിഭാഗം, വള്ളികുന്നം ഗ്രാമപഞ്ചായത്ത്, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്, വനിത ശിശു വികസന വകുപ്പ് എന്നിവ സംയുക്തമായി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള അങ്കണവാടി നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടുപോലുമില്ല. നിക്ഷേപ പ്രവൃത്തിയായി ചെയ്യുന്നതിന് കൈമാറിയ പണം വാർഷിക കണക്കുകളിലെ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ഹെഡ്ഡിലേക്ക് ഉൾപ്പെടുത്തിയിട്ടില്ല.

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | തുക | ബിൽ നം./ തീയതി |
|---|---|---|---|
| 1 | വികസനഫണ്ട്- പൊതുവിഭാഗം | 10,00,000 | 276/30.03.23 |

അങ്കണവാടി നിർമ്മാണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 10,00,000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

### 1-20 കെ.എൽ.ജി.എസ്.ഡി.പി സ്റ്റേറ്റ് ഷെയർ - 15.19 ലക്ഷം രൂപ പഞ്ചായത്തിന്റെ ബാധ്യതാ കണക്കിൽ

2022-23 വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ, കെ.എൽ.ജി.എസ്.ഡി.പി സ്റ്റേറ്റ് ഷെയർ ഇനത്തിൽ 15,19,785/-രൂപ പഞ്ചായത്തിന് ലയബിലിറ്റിയായി ചേർത്തിട്ടുണ്ട്. ലെഡ്ജറിൽ ടി തുക 2014-15, 2015-16 വർഷങ്ങളിൽ കെ.എൽ.ജി.എസ്.ഡി.പി അലോട്ട്മെന്റായി ലഭിച്ചിട്ടുള്ളതും 31.03.2018-ന് ശേഷം ചെലവഴിക്കാൻ ശേഷിച്ചിട്ടുള്ളതുമാണ്. തുടർന്ന് ചെലവുകൾ ക്രമീകരിക്കാൻ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-21 ഫുഡ് പ്രോസസിംഗ് യൂണിറ്റിന് ധനസഹായം - സംരംഭം തുടങ്ങാത്ത യൂണിറ്റ് തിരിച്ചടച്ച സബ്സിഡി തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു

പ്രോജക്ട് നം - S0171/23

പ്രോജക്ടിന്റെ പേര് - കുടുംബശ്രീ ഫുഡ് പ്രോസസിംഗ് യൂണിറ്റ്

നിർവഹണം - വി.ഇ.ഒ.
ചെലവ് വിവരങ്ങൾ

1) ട്രഷറി ബിൽ നം. 22070852012501520958/28.03.23, തുക 375000/-

2) ട്രഷറി ബിൽ നം. 22070852012501521101/28.03.23, തുക 375000/-

3) ട്രഷറി ബിൽ നം. 22070852012501521024/28.03.23, തുക 250000/-

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 08 ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾക്ക് 1,25,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ ജീവ ഫുഡ് പ്രോഡക്ട് എന്ന യൂണിറ്റ് പ്രവർത്തനം തുടങ്ങാത്തതിനാൽ സബ്സിഡി തുക തിരികെ പഞ്ചായത്തിൽ അടച്ച (രസീത് നം.230102716/07.11.23). ടി തുക വികസനഫണ്ടിൽ നിന്നുള്ള ചെലവായതിനാൽ സർക്കാരിലേക്ക് തിരികെ അടക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. സബ്സിഡി തുക കൈപ്പറ്റി 07 മാസങ്ങൾക്ക് ശേഷമാണ് തുക തിരികെ അടച്ചിട്ടുള്ളത്. അതിനാൽ 1,25,000/- രൂപയുടെ ഈ കാലയളവിലെ പലിശ കൂടി ജീവ ഫുഡ് പ്രോഡക്ട് എന്ന യൂണിറ്റിൽ നിന്ന് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

### 1-22 കിണർ നിർമ്മാണം - പരമാവധി തുകയിൽ കവിഞ്ഞ് തുക അനുവദിച്ചിരിക്കുന്നു

പ്രോജക്ട് നം. S0071/23

പ്രോജക്ടിന്റെ പേര് - പുതിയ തുറന്ന കിണർ (എസ്.സി.)

നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് വിവരങ്ങൾ

ട്രഷറി ബിൽ നം. 22070852012300406988/11.08.22, തുക 25000/-(CFC Grant)

സ്പിൽ ഓവറായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം സുലോചന, ഇല്ലത്ത് മീനത്തേൽ എന്ന ഗുണഭോക്താവിന് കിണർ നിർമ്മാണത്തിന് 25,000/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. ടി ഗുണഭോക്താവിന് മുൻ വർഷവും 25,000/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പരമാവധി അനുവദിക്കാവുന്ന തുക 35,000/- രൂപയാണ്. അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് സ്പിൽ ഓവറായി അടുത്ത വർഷം തുടരുമ്പോൾ അതിന്റെ അടങ്കൽ തുകയിൽ ഭേദഗതി ആവശ്യമാണെന്ന് കാണുകയാണെങ്കിൽ അത് ഭേദഗതി ചെയ്ത് ഭരണസമിതി അംഗീകരിച്ചശേഷം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം തേടേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 11.1.5). എന്നാൽ ഇപ്രകാരം ചെയ്യാതെ ടി ഗുണഭോക്താവിന് 50,000/- രൂപ (മുൻ വർഷം ഉൾപ്പെടെ) ആനുകൂല്യം നൽകിയിട്ടുണ്ട്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/2022-23 /15.11.23-ന് നൽകിയ മറുപടിയിൽ 2021-22 വർഷത്തിൽ കിണർ നിർമ്മാണം പൂർത്തീകരിക്കാതിരുന്ന ഗുണഭോക്താവ് പ്രവർത്തി പൂർത്തീകരിച്ച മുറക്ക് കരാർ പ്രകാരമുള്ള ബാക്കി തുക അനുവദിക്കുകയാണ് ചെയ്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 ഖണ്ഡിക 6.6.1 പ്രകാരം ടിയിനത്തിൽ അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക 35,000/- രൂപയായി ലിമിറ്റ് ചെയ്തിട്ടുണ്ട്. അതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച 15,000/- രൂപ ടി ഗുണഭോക്താവിൽ നിന്നോ അതിന് സാധിക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് തിരികെ അടക്കേണ്ടതാണ്.

## 1-23 തിരികെ ലഭിച്ച സി.എഫ്.സി. വിഹിതം 2,00,000/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ചില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9, അക്കൗണ്ട് ഹെഡ്സ് 350400999 പ്രകാരം 2,16,673/- രൂപയാണ് മുൻവർഷങ്ങളിൽ വിനിയോഗിക്കാത്ത ഗ്രാന്റുകൾ എന്ന ഗണത്തിൽ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുള്ളത്. ഇതിൽ 2,00,000/- രൂപ ശ്മശാന നിർമ്മാണത്തിനായുള്ള ജോയിന്റ് വെൻചർ പ്രോജക്ടിലേക്ക് നൽകിയ പഞ്ചായത്ത് വിഹിതം പദ്ധതി നടപ്പാകാത്തതിനാൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് തിരികെ നൽകിയതാണ്. സി.എഫ്.സി. ഫണ്ടിൽ നിന്നുള്ള ചെലവാകയാൽ പ്രസ്തുത തുക സർക്കാരിലേക്ക് തിരിച്ച് അടക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ലൈൻ എക്സ്റ്റെൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് വിനിയോഗവിവരങ്ങളില്ല

1)സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം-S0116 പ്രകാരം സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷന് കെ.എസ്.ഇ.ബി.ക്ക് പണം കൈമാറിയിട്ടുണ്ട്. നിക്ഷേപ പ്രവൃത്തിയായി ചെയ്യുന്നതിന് കൈമാറിയ പണം ഭാഗികമായി മാത്രമാണ് അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് (കെ.എസ്.ഇ.ബി.) എന്ന ഹെഡ്ഡിലേക്ക് മാറ്റിയത്.

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | തുക | ഉത്തരവ് നം- തീയതി | അഡ്വാൻസ് എന്ന നിലക്ക് ഉൾപ്പെടുത്തിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ജില്ലാപഞ്ചായത്ത് വിഹിതം | 1,00,000 | 185,14-02-23 | 1,00,000 |
| 2 | ജില്ലാപഞ്ചായത്ത് വിഹിതം | 1,00,000 | 329,24-03-23 | 0 |
| 3 | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 6,90,240 | 244, 10-03-23 | 6,90,240 |
| 4 | വികസനഫണ്ട് പൊതു വിഭാഗം | 86,082 | 245,10-03-23 | 0 |
| 5 | വികസനഫണ്ട് പൊതു വിഭാഗം | 8,42,006 | 252,13-03-23 | 0 |

മുഴവൻ തുകയും അഡ്വാൻസ് ആയിരുന്നുവെങ്കിലും 16,90,240 മാത്രമാണ് അഡ്വാൻസ് എന്ന നിലക്ക് വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നത്. ഇപ്രകാരം കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ, തുടർനടപടി വിവരങ്ങളോ ലഭ്യമല്ല. ആകയാൽ പ്രോജക്ടിനായി ചെലവഴിച്ച 36,18,328 രൂപയുടെ ചെലവ് ഓഡിറ്റിൽ താൽകാലികമായി തടസ്സപ്പെടുത്തുന്നു.

2)പോസ്റ്റ് ഷിഫ്റ്റിംഗ് -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം- S0184/23 പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 1,77,251 രൂപ ചെലവഴിച്ച് പൊതുവഴിയിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റ് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയിൽ 64,377 രൂപയുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടുണ്ട്. അവശേഷിക്കുന്ന തുകയുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | തുക | റിമാർക്സ് |
|---|---|---|---|
| 1 | 251/13-03-23 | 61,793 | 12, 16 വാർഡുകളിലെ പോസ്റ്റ് ഷിഫ്റ്റിംഗ് |
| 2 | 250/13-03-23 | 51,081 | 13 വാർഡിലെ പോസ്റ്റ് ഷിഫ്റ്റിംഗ് |
| | | 1,12,874 | |

വിനിയോഗവിവരം ലഭ്യമാകാത്ത 1,12,874 രൂപയുടെ ചെലവ് താൽകാലികമായി തടസ്സപ്പെടുത്തുന്നു.

1,2 പ്രകാരം പരാമർശിച്ചിട്ടുള്ള ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 മറ്റ് പഞ്ചായത്തുകളിലേക്ക് അടക്കേണ്ട ബാധ്യത -തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

2022-23 വാർഷികകണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം, മറ്റ് പഞ്ചായത്തുകളിലേക്ക് അടക്കുന്നതിനായി 11/21, 12/21, 1/22 എന്നീ മാസങ്ങളിലെ ശമ്പളത്തിൽ നിന്നും പ്രതിമാസം 3,000/- രൂപ വീതം 9,000/- രൂപ ഈടാക്കി പഞ്ചായത്തിന്റെ ബാധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലെഡ്ജർ പ്രകാരം ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും തിരികെ ഈടാക്കിയത് എന്ന് മാത്രമെ രേഖപ്പെടുത്തി കാണുന്നുള്ളൂ. ടി തുക ഏത് പഞ്ചായത്തിലേക്ക് അടക്കേണ്ടതാണെന്ന് കണ്ടെത്തി പഞ്ചായത്തിന്റെ ബാധ്യത കണക്കിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ-രേഖകൾ അപൂർണ്ണം

പ്രോജക്ടിന്റെ പേര് - എൽ പി സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നമ്പർ - S0064/23

അടങ്കൽ - 3,60,000/-രൂപ

ചെലവ് - 3,51,882/- രൂപ

ബിൽ റഫറൻസ് നമ്പർ - 22070852005301121715/28.03.2023

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

മേൽ പദ്ധതി പ്രകാരം 3,60,000/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. സ്പോർട്ട്സ് ഉപകരണങ്ങൾ നൽകിയതു സംബന്ധിച്ച് പൾസ് ഫിറ്റ്നസ്സ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ബില്ല് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനത്തിന് തുക നൽകിയതു സംബന്ധമായ രേഖകൾ ഇല്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23 തീയതി 17.11.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-27 അഗതി രഹിത കേരളം പദ്ധതി - അവലോകനം

നിരാലംബരും നിർധനരുമായ കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സംസ്ഥാന സർക്കാർ കുടുംബശ്രീയുമായി സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. ഗുണഭോക്താക്കൾക്ക് അതിജീവനാവശ്യങ്ങളായ ഭക്ഷണം, ചികിൽസാ സഹായം, വസ്ത്രം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം, ഭവനരഹിതർക്ക് അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഓഡിറ്റ് എൻക്വയറി നം.06 തീയതി 13.11.2023 -ന് പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരപ്രകാരം അംഗീകരിച്ച അഗതി രഹിത കേരളം പദ്ധതി (2019-22) പ്രകാരം നിലവിൽ 148 ഗുണഭോക്താക്കളുണ്ട്. ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യം സംബന്ധിച്ചും അഗതികൾക്ക് പഞ്ചായത്ത് അനുവദിച്ച ആനുകൂല്യം സംബന്ധിച്ചുമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ആവശ്യം | ഗുണഭോക്താക്കളുടെ എണ്ണം | വിവിധ പദ്ധതികൾ വഴി ആനുകൂല്യം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| വീട് ആവശ്യമുള്ളവർ | 42 | 07 |
| ഭൂരഹിതർ | 01 | 01 |
| കുടിവെള്ള സൗകര്യമില്ലാത്തവർ | 0 | 0 |

| | | |
|---|---|---|
| ടോയ്‌ലെറ്റ് സൗകര്യമില്ലാത്തവർ | 0 | 0 |
| ഭവനപുനരുദ്ധാരണം ആവശ്യമുള്ളവർ | 07 | 07 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.S0156/23 പ്രകാരം 2,00,000/- രൂപ അഗതി ഗുണഭോക്താക്കൾക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. ചലഞ്ച് ഫണ്ടിനത്തിൽ ആവശ്യമായ തുക അക്കൗണ്ടിൽ ഉണ്ടായിട്ടും പഞ്ചായത്ത് ഫണ്ട് ഭക്ഷണം നൽകുന്നതിനായാണ് വിനിയോഗിച്ചിട്ടുള്ളത്. ചലഞ്ച് ഫണ്ടിന്റെ അഭാവത്തിൽ മാത്രം പദ്ധതി ഫണ്ട് ഭക്ഷണത്തിനായി വിനിയോഗിക്കേണ്ടതും അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ മറ്റ് അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവന പദ്ധതി - അവലോകനം

സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും വീട് ലഭ്യമാക്കുക, മുൻകാലങ്ങളിൽ സർക്കാർ ധനസഹായം ഉപയോഗിച്ച് നിർമ്മിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുക, വീടുകൾ പുനരുദ്ധരിച്ച് വാസയോഗ്യമാക്കുക, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുക, പാവപ്പെട്ട എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീട് ലഭ്യമാക്കുക എന്നിവ ലൈഫ് ഭവന പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ചിലതാണ്. 2022-23 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് വി.ഇ.ഒ. ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറിനം .08/23/13.11.23)

1) ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2022-23 | 09 | 38 | 07 | 15 | 07 | 04 |

2) ആകെ ചെലവഴിച്ച തുക

| വർഷം | പദ്ധതി വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | വിഹിലോൺ | | | |
| 2022-23 | 57,80,000 | 2,00,000 | 60,000 | 0 | 5,00,000 | 65,40,000 |

3) ഭവനം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ

2022-23 വർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| എസ്.സി. വിഭാഗം | | |
|---|---|---|
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
| 1 | സുനിൽ കുമാർ, മാധവ മന്ദിരം, വാർഡ് -17 | 2,60,000/- |
| 2 | സുനിൽ കുമാർ, അനിൽ ഭവനം വാർഡ് - 2 | 40,000/- |
| 3 | അഖിൽ ദേവ്, കണിയാം വയലിൽ, വാർഡ് -17 | 2,00,000/- |
| 4 | മഞ്ജു, അപ്പു ഭവനം, വാർഡ് -11 | 2,00,000/- |
| 5 | അനുരാജ്, അനുരാജ് ഭവനം, വാർഡ് -16 | 40,000/- |
| 6 | രാജേന്ദ്ര പ്രസാദ്, കാർത്തിക, വാർഡ് -8 | 40,000/- |
| 7 | രാജമ്മ, മഹേഷ് ഭവനം, വാർഡ് -03 | 40,000/- |
| 8 | മണിയമ്മ, തോട്ട് കര, വാർഡ് -02 | 3,00,000/- |
| 9 | മണി, വല്യത്ത്വിള, വാർഡ് -03 | 3,60,000/- |
| 10 | രാധാമണി, രഞ്ചിനി ഭവനം, വാർഡ് -03 | 2,00,000/- |
| 11 | നാണി താമരശ്ശേരിൽ, വാർഡ് -03 | 2,00,000/- |
| 12 | ശശികല, വാഴപ്പള്ളിൽ തെക്കതിൽ, വാർഡ് -06 | 3,00,000/- |
| 13 | രാധ, ഇല്ലത്ത് വടക്കതിൽ, വാർഡ് -06 | 3,00,000/- |
| 14 | രാധാമണി, ചിറയുടെ കിഴക്കതിൽ, വാർഡ് -07 | 2,60,000/- |
| 15 | ഓമന, കോതകരക്കോളനി, വാർഡ് -10 | 2,00,000/- |
| 16 | ചിഞ്ചു ജി. പാലവിളയിൽ, വാർഡ് -10 | 2,00,000/- |
| 17 | ബൈജു ആൽത്തറവിള വടക്കതിൽ, വാർഡ് -11 | 2,60,000/- |
| 18 | കുമാരി, പേരക്കത്തറയിൽ, വാർഡ് -12 | 2,00,000/- |
| 19 | സുനിത, വിത്തൂർ, വാർഡ് -14 | 2,60,000/- |
| 20 | ആനന്ദവല്ലി, കൊന്നത്ത് കിഴക്കതിൽ, വാർഡ് -14 | 2,00,000/- |

| | | |
|---|---|---|
| 21 | കെ.ആർ സുദർശനൻ, രാധാസദനം, വാർഡ് -17 | 2,00,000/- |
| 22 | സുജാത, കൈതക്കര പുത്തൻവീട്, വാർഡ് -05 | 40,000/- |
| 23 | തങ്കക്കുട്ടി, മുളക്കവിളയിൽ, വാർഡ് -10 | 40,000/- |
| ജനറൽ വിഭാഗം | | |
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
| 24 | ഷഹ്ബാനത്ത്, കാവനാൽ തറയിൽ, വാർഡ് -01 | 3,60,000/- |
| 25 | രാധാമണി, മാത്രൂർ തെക്കതിൽ, വാർഡ് -03 | 3,60,000/- |

മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളെ കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

4) ആനുകൂല്യം കൈപ്പറ്റിയിട്ടില്ലാത്തതും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഗുണഭോക്താക്കളുടെ എണ്ണം 29

| വിഭാഗം | എണ്ണം (ഭവന രഹിതർ) |
|---|---|
| എസ്.സി | 08 |
| ജനറൽ | 21 |

ലിസ്റ്റിൽ അവശേഷിക്കുന്ന ബാക്കി ഗുണഭോക്താക്കൾക്ക് കൂടി ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കിണർ നിർമ്മാണം - പരമാവധി തുകയിൽ കവിഞ്ഞ് തുക അനുവദിച്ചിരിക്കുന്നു

പ്രോജക്ട് നം. S0071/23

പ്രോജക്ടിന്റെ പേര് - പുതിയ തുറന്ന കിണർ (എസ്.സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് 25000/- (ട്രഷറി ബിൽ നം. 22070852012300406988/11-08-22, CFC Grant)

സ്സിൽ ഓവറായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം സുലോചന, ഇല്ലത്ത് മീനത്തേൽ എന്ന ഗുണഭോക്താവിന് കിണർ നിർമ്മാണത്തിന് 25,000/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. ടി ഗുണഭോക്താവിന് മുൻ വർഷവും 25,000/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പരമാവധി അനുവദിക്കാവുന്ന തുക 35,000/- രൂപയാണ്. അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് സ്സിൽ ഓവറായി അടുത്ത വർഷം തുടരുമ്പോൾ അതിന്റെ അടങ്കൽ തുകയിൽ ഭേദഗതി ആവശ്യമാണെന്ന് കാണുകയാണെങ്കിൽ അത് ഭേദഗതി ചെയ്ത് ഭരണസമിതി അംഗീകരിച്ചശേഷം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം തേടേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 11.1.5). എന്നാൽ ഇപ്രകാരം ചെയ്യാതെ ടി ഗുണഭോക്താവിന് 50,000/- രൂപ (മുൻ വർഷം ഉൾപ്പെടെ) ആനുകൂല്യം നൽകിയിട്ടുണ്ട്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/2022-23 /15.11.23ന് നൽകിയ മറുപടിയിൽ 2021-22 വർഷത്തിൽ കിണർ നിർമ്മാണം പൂർത്തീകരിക്കാതിരുന്ന ഗുണഭോക്താവ് പ്രവർത്തി പൂർത്തീകരിച്ച മുറക്ക് കരാർ പ്രകാരമുള്ള ബാക്കി തുക അനുവദിക്കുകയാണ് ചെയ്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 ഖണ്ഡിക 6.6.1 പ്രകാരം ടിയിനത്തിൽ അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക 35,000/- രൂപയായി ലിമിറ്റ് ചെയ്തിട്ടുണ്ട്. അതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച 15,000/- രൂപ ടി ഗുണഭോക്താവിൽ നിന്നോ അതിന് സാധിക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് തിരികെ അടക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,00,000 | അങ്കണവാടി പോഷകാഹാരം-എസ്.സി | 4,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 19,000 | അങ്കണവാടി പോഷകാഹാരം-ജനറൽ | 19,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,50,000 | സമഗ്രനെൽകൃഷി വികസനം | 4,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 6,15,000 | ഭിന്നശേഷി യുള്ളവർക്കുള്ള സ്കോളർഷിപ്പ് ബത്ത | 6,15,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 5,00,000 | പാലിന് സബ്സിഡി (ജനറൽ) | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,95,000 | പാലിയേറ്റീവ് കെയർ | 2,95,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,00,000 | ലൈഫ് ഭവന പദ്ധതി -എസ്.സി.പി. | 2,00,000 | 0 |
| ആകെ ബ്ലോക്ക് | 2022-23 | 24,79,000 | | 24,79,000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് വിഹിതം | | | | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,40,800 | സമഗ്രനെൽകൃഷി വികസനം | 4,40,800 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 60,000 | ലൈഫ് ഭവന പദ്ധതി -എസ്.സി.പി. | 60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,50,000 | പാലിന് സബ്സിഡി (ജനറൽ) | 4,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,50,000 | അങ്കണവാടി പോഷകാഹാരം-ജനറൽ | 1,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,48,000 | ഭിന്നശേഷി യുള്ളവർക്കുള്ള സ്കോളർഷിപ്പ് ബത്ത | 1,48,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 20,00,000 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 20,00,000 | 0 |
| ആകെ ജില്ലാ പഞ്ചായത്ത് വിഹിതം | 2022-23 | 32,48,800 | | 32,48,800 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | S0116/2023 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | R0222011127/02.2023 | 9,28,088(വികസന ഫണ്ട്)<br>6,90,240(സി.എഫ്.സി)<br>20,00,000(ജില്ലാ പഞ്ചായത്ത്) | 0<br>0<br>0 | 9,28,088<br>6,90,240<br>20,00,000 |
| | ആകെ | | 36,18,328 | | 36,18,328 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല. | 4,40,000 (തൻ വർഷത്തിൽ വായ്പ ഇനത്തിൽ വരവ് വന്നത്.) | 1,46,90,175 | 22,33,574 | | 1,28,96,601 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | ഭാഗം- 1 ഖണ്ഡിക 1-14 | 4,255/- | ശ്രീ.ഹമീദ് എൻ. കരാറുകാരൻ | 1220105844/10.02.2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| വർഷം | | | |
| 2014-15 | 4.1.15 | നിഷ്ക്രിയാസ്തി സംബന്ധിച്ച് | ആസ്തി പ്രവർത്തനക്ഷമം ആക്കിയിട്ടുണ്ട് |
| 2015-16 | 2.2 | തൊഴിൽ നികുതിയിലെ അപാകത | ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മുത്തൂറ്റ് ഒഴികെയുള്ള സ്ഥാപനങ്ങൾ തുക അടച്ചു. |

4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,22,05,457 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,29,79,837 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 47,31,202 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 15,000/- | ശ്രീ.സജികുമാർ കെ.എസ്. അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 15,000/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 1-19 | 10,00,000 | ശ്രീ.ബിജു കെ.പി., സെക്രട്ടറി |
| 1-24(1) | 36,18,328 | ശ്രീ.ബിജു കെ.പി., |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-24(2) | 1,12,874 | ശ്രീ.ബിജു കെ.പി., സെക്രട്ടറി |
| ആകെ | 47,31,202 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജികുമാർ കെ.എസ്. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി വള്ളികുന്നം ഗ്രാമപഞ്ചായത്ത് | കാട്ടിൽ വടക്കതിൽ പെരിക്കാവ് പി.ഒ., കാർത്തികപ്പള്ളി ആലപ്പുഴ |
| ശ്രീ.ബിജു കെ.പി. സെക്രട്ടറി | സെക്രട്ടറി വള്ളികുന്നം ഗ്രാമപഞ്ചായത്ത് | അഭിരാമം പുതിയവിള പി.ഒ., കായംകുളം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-1999 (ചെലവ്) | എൽ.എഫ്. ജി. എ5-1832/11 തീയതി 03.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11 തീയതി 02.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി.6 /1587/2022തീയതി 2.05.2023(ഓഡിറ്റ് |

| | |
|---|---|
| | അദാലത്ത്) |
| 2007-08 | കെ.എസ്.എ-എ.എൽ.പി/പി.6 /1587/2022തീയതി 2.05.2023(ഓഡിറ്റ് അദാലത്ത്) |
| 2008-09 | കെ.എസ്.എ-എ.എൽ.പി/പി.6 /1587/2022തീയതി 2.05.2023 (ഓഡിറ്റ് അദാലത്ത്) |
| 2009-10 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 (ഓഡിറ്റ് അദാലത്ത്) |
| 2010-11 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 (ഓഡിറ്റ് അദാലത്ത്) |
| 2011-12 മുതൽ 2012-13 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 |
| 2014-15 | നം.കെ.എസ്.എ-എ.എൽ.പി/പി.6-659 /16തീയതി: 04.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 |
| 2016-17 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1386 /17തീയതി: 13.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽപി/പി6/1551/2018 തീയതി 23.11.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 |
| 2019-20 | കെ.എസ്.എ/എ.എൽപി/പി6/914/2021 തീയതി 24.02.2022 |
| 2020-21 | കെ.എസ്.എ/എ.എൽപി/പി6/915/2021 തീയതി 24.02.2022 |
| 2021-22 | കെ.എസ്.എ/എ.എൽപി/പി6/252/2023 തീയതി 29.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 22-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vallikkunnam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vallikkunnam Grama Panchayat for the year 2022-2023

Date: 20/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Vallikkunnam Grama Panchayat for the Year 2022-2023 .

**1.Major Observations**

1.All statements as per acounting rules are not submitted along with AFS.

2. Schedules B17 and B4 in Balance sheet related to Total Sanitaion Account are mismatched.

3.The expended amount (i.e., Rs.3,56,950/-) is taken as advance in AFS.

4.Advance amount of Rs.19,28,088/- given to KSEB in the current Year is not included as advance to implimenting agency.

5.Advance amount given to KSEB and Water authority in the previous year is not reflected in the AFS.

**2.Other Observations**

1.As per Part bill payments from various funds,capital work in progress seems to be Rs.20,22,935/. But in

AFS it is shown as 19,12,393/-.

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്